പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

EX.IX-1/002305/HSE/2016

തീയതി : 23/11/2019

# സർക്കുലർ

വിഷയം:-പൊ.വി. - ഹയർ സെക്കന്ററി തുല്യതാപരീക്ഷ- 2019 നവംബറിലെ ഗാന്ധിയൻ സ്റ്റഡീസ് പ്രാക്ടിക്കൽ പരീക്ഷ - സംബന്ധിച്ച്

സൂചന :- (1) വിജ്ഞാപനം നമ്പർ EX.IX/018770/GE(HSE)/2019 തീയതി 27/09/2019

(2) സർക്കുലർ നം. EX. IX/ 018770/HSE/2017 തീയതി 24/10/2019

2019 നവംബർ 28, 29 തീയതികളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള രണ്ടാം വർഷ തുല്യതാപഠിതാക്കളുടെ ഗാന്ധിയൻ സ്റ്റഡീസ് പ്രാക്ടിക്കൽ പരീക്ഷയ്ക്ക് സൂചന (1) വിജ്ഞാപനപ്രകാരം പരീക്ഷാകേന്ദങ്ങൾ അനുവദിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഗാന്ധിയൻ സ്റ്റഡീസ് പരീക്ഷാർത്ഥികൾ ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങൾ റദ്ദാക്കുന്നു. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ പരീക്ഷാർത്ഥികളുടെ എണ്ണം വളരെ കുറവായതിനാൽ പ്രസ്തുത ജില്ലകളിലെ പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങളും റദ്ദാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രാക്ടിക്കൽ പരീക്ഷാർത്ഥികൾ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലും തൃശ്ശൂർ, മലപ്പുറം, ഇടുക്കി ജില്ലകളിലെ പ്രാക്ടിക്കൽ പരീക്ഷാർത്ഥികൾ എറണാകുളം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂളിലും പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. താഴെ പറയും പ്രകാരം പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങൾ നിജപ്പെടുത്തി ഉത്തരവാകുന്നു.

| Sl. No. | DATE | DISTRICTS | NAME OF PRACTICAL EXAM CENTRES |
|---|---|---|---|
| 1 | 28/11/2019 & 29/11/2019 | PATHANAMTHITTA & ALAPPUZHA | **3022** - ST. THOMAS, HSS, KOZHENCHERY, PATHANAMTHITTA |
| 2 | 28/11/2019 & 29/11/2019 | KOTTAYAM | **5075** - ST AUGUSTINES HSS,RAMAPURAM, KOTTAYAM |
| 3 | 28/11/2019 & 29/11/2019 | ERNAKULAM THRISSUR MALAPPURAM IDUKKI | **7089** - ST PETER S HSS,KOLENCHERY, ERNAKULAM |
| 4 | 28/11/2019 & 29/11/2019 | KASARGODE | **14011** - GOVT HSS, KUTTAMATH, KASARGODE |

പ്രാക്ടിക്കൽ പരീക്ഷാർത്ഥികൾ മേൽ സൂചിപ്പിച്ച തീയതികളിൽ പരീക്ഷാകേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട സമയത്ത് എത്തിച്ചേരേണ്ടതാണ്. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഹാൾടിക്കറ്റ് ലഭിച്ചിട്ടില്ലായെങ്കിൽ ഒന്നാം വർഷ തുല്യതാ പരീക്ഷ എഴുതിയ ഹാൾ ടിക്കറ്റും സാക്ഷരതാമിഷൻ നൽകുന്ന ഐഡികാർഡും ഹാജരാക്കി പരീക്ഷാഹാളിൽ പ്രവേശിക്കാവുന്നതാണ്. ഒന്നാം വർഷ പരീക്ഷയുടെ ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികൾ സാക്ഷരതാമിഷൻ നൽകുന്ന ഐഡി കാർഡ് അതോടൊപ്പം ആധാർ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/ വോട്ടേഴ്സ് ഐഡി ഇവയിലേതെങ്കിലും ഒന്ന് കൈവശം കരുതേണ്ടതാണ്. പരീക്ഷാർത്ഥികൾ സർട്ടിഫൈഡ് റെക്കോർഡ് ബുക്കും പ്രായോഗിക പരീക്ഷയ്ക്കാവശ്യമായ എല്ലാവിധ സാമഗ്രികളും കൊണ്ടുവരേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)

പകർപ്പ്:-

രണ്ടാം വർഷ തുല്യതാ പ്രാക്ടിക്കൽ പരീക്ഷാർത്ഥികൾക്കും പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർക്കും ഹയർസെക്കന്ററി പോർട്ടൽ മുഖാന്തിരം.